**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **10-02-2025 - ൽ മറുപടിയ്ക്ക്**

**ക്വാറികളുടെ ദൂരപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്വാറികളുടെ ദൂരപരിധി ഇപ്പോൾ എത്ര മീറ്ററാണ് എന്നറിയിക്കാമോ; ഖനനം പൊതുമേഖലയിൽ നിലനിർത്തുന്നതിനും അധികവരുമാനം ഉണ്ടാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തു ഖനനപ്രവർത്തനങ്ങൾ അനുവദിക്കുമ്പോൾ റെയിൽവേ ലൈനുകളിൽ നിന്നും നാഷണൽ ഹൈവേയിലെ പാലത്തിൽ നിന്നും 100 മീറ്ററും റിസെർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, റോഡുകൾ, മറ്റു പൊതു നിർമ്മിതികൾ, വാസഗൃഹങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനം എന്നിവയിൽ നിന്ന് 50 മീറ്ററും സംരക്ഷിത വനഭൂമി, ദേശീയ ഉദ്യാനങ്ങൾ എന്നിവയിൽ നിന്നും 1 കിലോമീറ്ററും ദൂരപരിധി പാലിക്കണമെന്ന് 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബഹു. സുപ്രീംകോടതിയുടെ 26.04.2023ലെ റിട്ട് പെറ്റിഷൻ 202/95 മേലുള്ള ഉത്തരവിൻ പ്രകാരം ബഫർസോൺ നിശ്ചയിക്കാത്ത സംരക്ഷിത വനഭൂമി, ദേശീയ ഉദ്യാനങ്ങൾ എന്നിവയുടെ ഒന്നു മുതൽ പത്ത് കിലോമീറ്റർ വരെ ചുറ്റളവിനുള്ളിൽ ഖനനപ്രവർത്തനങ്ങൾ നടത്തണമെങ്കിൽ നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ് -ന്റെ നിരാക്ഷേപപത്രം ആവശ്യമാണ്.<br>ഖനന മേഖലയിൽ നിന്നും അധികവരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി 31.03.2023ലെ സ.ഉ.(പി) നമ്പർ 38/2023/ഐഡി ഉത്തരവിലൂടെ ധാതുക്കളുടെ റോയൽറ്റി തുക വർദ്ധിപ്പിക്കുകയും അനധികൃത ഖനനത്തിനുള്ള ഫൈൻ തുക വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ ടി ഉത്തരവ് പ്രകാരം റോയൽറ്റി കോമ്പൗണ്ടിങ് സിസ്റ്റം അനുസരിച്ച് നിലവിലിരുന്ന രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റ് സിസ്റ്റം, കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം എന്നിവ 01.04.2023 മുതൽ നിർത്തലാക്കി, ഖനനം ചെയ്യുന്ന ധാതുവിന്റെ അളവിന് തത്തുല്യമായി റോയൽറ്റി ഒടുക്കണമെന്നുള്ള നിബന്ധന ഏർപ്പെടുത്തി. സർക്കാർ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിന്നും ഖനനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനമായ KEMDEL സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ